Officer, after surrendering the land, brought a revised plea for retransferring the land to the P. W. D., and if so, whether disciplinary action will be taken against that officer?

SHRI PANAMPILLI GOVINDA MENON: I will look into the matter.

SHRI T. T. Daniel: May I know whether a list has been prepared in regard to the palaces which have been transferred to the Devaswom Board?

SHRI PANAMPILLI GOVINDA MENON: A committee was appointed presided over by a retired High Court Judge to advise the Government which properties and buildings should be handed over to the Devaswom Board.

SHRI T. T. Daniel: May I know whether the palace garden at Cape was included in that list?

SHRI PANAMPILLI GOVINDA MENON: I want notice. I think it was included.

SHRI T. T. Daniel: May I know whether it is not a fact that the P. W. D. Officer found out the mistake of transferring the palace garden within twenty-four hours of sending the list?

SHRI PANAMPILLI GOVINDA MENON: Sir, these are matters affecting the possession of property and if I am cross-examined as if I am a witness in a property case, it will be very difficult. The possession of these properties have been surrendered by the P. W. D. to the Devaswom Board. That is the present position.

സമധാനം ആവശ്യപ്പെട്ടതിൽ മറുപടി പറയാൻ വിസമ്മതം പ്രകടിപ്പിച്ച ഉദ്യോഗസ്ഥൻ.

* 4. [6] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) അഴിമതി നിരോധന ഉദ്യോഗസ്ഥൻ ശ്രീ. കേരളവർമ്മ സമാധാനം ആവശ്യപ്പെട്ടതിനു്, മറുപടി പറയുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥൻ വിസമ്മതം പ്രകടിപ്പിച്ചോ;

(ബി) ഈ വകുപ്പിന്റെ അധികാരപരിധിക്കു് അതീതനായ ഏതെങ്കിലും ഉദ്യോഗസ്ഥനുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഒരുദ്യോഗസ്ഥനും വിസമ്മതം പ്രകടിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൈക്കോടതിയുടെ നിയന്ത്രണത്തിൽപ്പെട്ട നീതിന്യായ വകുപ്പിലേയും പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയും ഉദ്യോഗസ്ഥന്മാർ ഈ വകുപ്പിന്റെ അധികാരപരിധിയിൽ പെടുന്നതല്ല.

ശ്രീ. സി. എ. മാത്യു: എല്ലാ ഡിപ്പാർട്ടുമെൻറുമേലുദ്യോഗസ്ഥന്മാരുടേയും ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കാൻ ഈ ഉദ്യോഗസ്ഥനു അധികാരമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ സി. എ മാത്യു: സർജൻജനറലിനോടു സമാധാനം ചോദിച്ചപ്പോൾ അതിനു് ഈ ഉദ്യോഗസ്ഥനു അവകാശമില്ലെന്നു മറുപടി കൊടുത്തതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇല്ല.

ശ്രീ. സി. എ. മാത്യു: അതു മനസ്സിലാക്കി അന്വേഷണം നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കും.

ശ്രീ. എൻ. ജി. ചാക്കോ: ഈ ഉദ്യോഗസ്ഥനെ നിയമിച്ചപ്പോൾ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു ഭയമുണ്ടായിരുന്നു ഇപ്പോൾ ആ ഭയമില്ലെന്നു് ഗവണ്മെൻറു ധരിക്കുന്നുണ്ടോ?

MR. SPEAKER: That is supplying Information.

WRITTEN ANSWERS

പെരിങ്ങൽക്കുത്തു ഹൈഡ്രോ ഇലക്ട്രിക് സ്കീം.

* 580. [34] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പെരിങ്ങൽക്കുത്തു് ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പണി പൂർത്തിയായോ;

(ബി) ഈ പദ്ധതിക്കുവേണ്ടി എന്തു തുക ചെലവായിട്ടുണ്ടു്;

(സി) പെരിങ്ങൽകുത്തിൽ ഷോളയാർ, ഒരു കൊമ്പൻ ഷട്ടുങ്ങളുടെ ഇൻവെസ്റ്റിഗേഷൻ എന്നു തുടങ്ങി, അവസാനിച്ചതു് എന്നു;

(ഡി) ഈ രണ്ടു ഷട്ടുങ്ങളുടേയും പണി എന്നാരംഭിക്കുമെന്നു പറയാമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ഈ പ്രോജക്ടിന്റെ ആകെ ചെലവു് 30-6-1955 വരെ 155 ലക്ഷം രൂപയായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly